# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 559 — 19.03.2013-ൽ മറുപടിക്ക്

ചോദ്യം — ഉത്തരം

ശ്രീ. എം.ഹംസ

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പുമന്ത്രി

## സംസ്ഥാനത്തിൻെറ ധനകമ്മി സംബന്ധിച്ച വിശദാംശം

| | | |
|---|---|---|
| (എ) | സംസ്ഥാനത്തിൻെറ ധനകമ്മി സംബന്ധിച്ച വിശദാംശം 2010-2011, 2011-12 എന്നീ വർഷങ്ങളിലേത് വ്യക്തമാക്കാമോ; | 2010-11, 2011-12 എന്നീ സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന സർക്കാരിൻെറ ധനക്കമ്മി യഥാക്രമം 7730.45 കോടി രൂപയും 12814.77 കോടി രൂപയും ആണ്. |
| (ബി) | മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ സർക്കാരിൻെറ പൊതുകടം എത്രയായിരുന്നു; 2010 മാർച്ച് 31-ലെ കണക്ക് വ്യക്തമാക്കാമോ; | 2010-11 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ സംസ്ഥാന സർക്കാരിൻെറ പൊതുകടം 54887.18 കോടി രൂപയായിരുന്നു. 2010 മാർച്ച് 31-ലെ കണക്കുകൾ പ്രകാരം സംസ്ഥാന സർക്കാരിൻെറ പൊതുകടം 49673.30 കോടി രൂപയായിരുന്നു. |
| (സി) | 2012 മാർച്ച് 31-ലെ സംസ്ഥാനത്തിൻെറ പൊതുകടം എത്ര; | 2012 മാർച്ച് 31-ലെ സംസ്ഥാനത്തിൻെറ പൊതുകടം 61793.09 കോടി രൂപയായിരുന്നു. |

| | | |
|---|---|---|
| (ഡി) | സംസ്ഥാനത്തിൻെറ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ; | 2011-ലെകേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) നിയമത്തിൻെറ അടിസ്ഥാനത്തിൽ 13-ാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന് അനുവദിച്ചിട്ടുളള ഗ്രാൻറുകളും മറ്റ് ആനുകൂല്യങ്ങളും നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ 08.08.2012-ലെ 442/12/ധന. നമ്പർ ഉത്തരവിലെ വിവിധ നിർദ്ദേശങ്ങളിലൂടെ പദ്ധതിയേതര ചെലവ് കുറയ്ക്കുവാനും, അനാവശ്യ ചെലവ് ഒഴിവാക്കാനും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അധിക വിഭവ സമാഹരണത്തിനായി പുതിയ നികുതി-നികുതിയേതര മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് നിലവിലുളള നികുതിയേതര വരുമാന സ്രോതസുകൾ ശക്തിപ്പെടുത്തുന്നതിനുളള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ഇ) | 01.07.2006 മുതൽ 28.02.2013 വരയുളള വർഷങ്ങളിലെ നികുതി വരുമാനത്തിൻെറ കണക്ക് വാർഷികാടിസ്ഥാനത്തിൽ ഓരോ നികുതിയ്ക്കും ഇനം തിരിച്ച് നൽകാമോ? | 2006-07 മുതൽ 2011-12 വരെയുളള സാമ്പത്തിക വർഷങ്ങളിലും അക്കൗണ്ടൻറ് ജനറലിൻെറ പ്രാരംഭ കണക്കുകൾ പ്രകാരം നടപ്പു സാമ്പത്തിക വർഷം ജനുവരി അവസാനം വരെയും വിവിധയിനങ്ങളിലായി സംസ്ഥാന സർക്കാരിനു ലഭിച്ച നികുതി വരുമാനത്തിൻെറ വിശദാംശങ്ങൾ അടങ്ങുന്ന സ്റ്റേറ്റ്മെൻറ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം 2

| നികുതി വരവിനങ്ങൾ | കണക്ക് | കണക്ക് | കണക്ക് | കണക്ക് | കണക്ക് | കണക്ക് | കണക്ക്(upto 31.01.2013) |
|---|---|---|---|---|---|---|---|
| | **2006-07** | 2007-08 | **2008-09** | **2009-10** | **2010-11** | **2011-12** | **2012-13** |
| | | Rs. in crore | | | | | |
| കോർപ്പറേഷൻ നികുതി | 1002.49 | 1285.89 | 1402.06 | 1810.29 | 2009.77 | 2357.91 | 1848.30 |
| കോർപ്പറേഷൻ നികുതി ഒഴിച്ചുള്ള ആദായനികുതികൾ | 608.77 | 863.08 | 880.38 | 1008.40 | 1062.05 | 1197.69 | 1000.00 |
| കാർഷികാദായ നികുതി | 9.63 | 22.05 | 11.97 | 27.73 | 46.97 | 42.87 | 6.32 |
| ഭൂ നികുതി | 47.01 | 47.21 | 47.56 | 53.93 | 55.97 | 60.75 | 105.15 |
| മുദ്രപ്പത്രവും രജിസ്ട്രേഷനും | 1519.93 | 2027.97 | 2002.99 | 1896.41 | 2552.49 | 2986.32 | 2480.99 |
| സമ്പത്ത് നികുതി | 1.26 | 1.43 | 1.36 | 4.10 | 4.12 | 9.10 | 6.60 |
| കൃഷി ഭൂമി ഒഴികെയുള്ള സ്ഥാവരവസ്തുവിൻമേലുള്ള നികുതികൾ | 52.13 | 59.73 | 61.22 | 65.08 | 54.79 | 59.11 | 45.44 |
| കസ്റ്റംസ് തീരുവ | 626.49 | 765.85 | 817.31 | 615.64 | 899.11 | 1038.62 | 919.80 |
| കേന്ദ്ര എക്സൈസ് തീരുവ | 665.25 | 731.10 | 712.81 | 495.90 | 654.08 | 672.08 | 629.8 |
| സംസ്ഥാന എക്സൈസ് | 953.07 | 1169.25 | 1397.64 | 1514.81 | 1699.54 | 1883.18 | 1572.34 |
| വിൽപന നികുതി | 8563.31 | 9371.76 | 11377.13 | 12770.89 | 15833.11 | 18939.88 | 18187.90 |
| വാഹന നികുതികൾ | 707.74 | 853.17 | 937.45 | 1131.10 | 1331.36 | 1587.13 | 1583.53 |
| വിദ്യുച്ഛക്തിയിൻമേലുള്ള നികുതികളും തീരുവകളും | 31.78 | 39.04 | 56.00 | 24.78 | 20.71 | 21.28 | 19.71 |
| സേവന നികുതി | 308.15 | 404.57 | 461.82 | 464.45 | 512.72 | 715.01 | 654.20 |
| ക്രയ വസ്തുക്കളെയും സേവനങ്ങളെയും സംബന്ധിക്കുന്ന മറ്റു നികുതികളും തീരുവകളും | 56.85 | 78.55 | 98.00 | 140.29 | 126.75 | 138.03 | 116.99 |
| **ആകെ നികുതി വരവ്** | **15153.86** | **17720.65** | **20265.70** | **22023.80** | **26863.54** | **31708.96** | **29177.07** |